അംഗീകാര നടപടികളിൽ കാലതാമസം നേരിട്ടു. എങ്കിലും 2014 ജൂലൈ മാസത്തിൽ അംഗീകാര നടപടികൾ പൂർത്തീകരിച്ചതു കാരണം നിർവ്വഹണത്തിനായി 8 മാസത്തോളം ലഭിക്കുന്നതാണ്.

(സി) 2014 ഡിസംബർ 31 വരെ സമയം നൽകിയിട്ടുണ്ട്. അതിനാൽ 31-12-2014-ന് ശേഷമേ കണക്കുകൾ ലഭ്യമാകുകയുള്ളൂ.

രാജീവ്ഗാന്ധി സേവാ കേന്ദ്രങ്ങൾ

32 (1465) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഗ്രാമപഞ്ചായത്തുകളിലും ബ്ലോക്ക് പഞ്ചായത്തുകളിലും രാജീവ്ഗാന്ധി സേവാ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കുമോ ;

(ബി) വയനാട് ജില്ലയിലെ ഏതെല്ലാം ഗ്രാമപഞ്ചായത്തുകളിലും ബ്ലോക്ക പഞ്ചായത്തുകളിലുമാണ് ഇത്തരത്തിലുള്ള സേവാകേന്ദ്രങ്ങൾ ആരംഭിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) ഇത്തരത്തിൽ സേവാകേന്ദ്രങ്ങൾ ആരംഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) കേന്ദ്രസർക്കാർ ഭേദഗതി ചെയ്ത 3-1-2014-ലെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം പട്ടിക 1-ൽ രാജീവ്ഗാന്ധി സേവാ കേന്ദ്രങ്ങളുടെ നിർമ്മാണം അനുവദനീയ പ്രവൃത്തിയായി ഉൾപ്പെടുത്തിയിട്ടില്ല. ഈ സാഹചര്യത്തിൽ 3-1-2014-നുശേഷം, പുതുതായി രാജീവ്ഗാന്ധി സേവാകേന്ദ്രങ്ങളുടെ നിർമ്മാണ പ്രവൃത്തികൾ ഏറ്റെടുക്കുന്നതിന് നിർവ്വാഹമില്ല. മുൻവർഷങ്ങളിലെ കർമ്മ പദ്ധതിയിൽ ഉൾപ്പെടുത്തി ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകൾ ഏറ്റെടുത്തിട്ടുള്ള ഭാരത് നിർമ്മാൺ രാജീവ്ഗാന്ധി സേവാകേന്ദ്രങ്ങൾ പൂർത്തീകരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ സർക്കാർ നൽകിയിട്ടുണ്ട്.

(ബി) വയനാട് ജില്ലയിൽ നിലവിൽ ഭാരത് നിർമ്മാൺ രാജീവ്ഗാന്ധി സേവാകേന്ദ്രങ്ങളുടെ നിർമ്മാണം ആരംഭിച്ചിട്ടില്ല.

(സി) ബാധകമല്ല.

LIBRARY ARCHIVES Kerala Legislative Assembly